പാർട്ടി മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടില്ല. ഈ കാര്യങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. വിൽപന, വിപണന&വിസ്തൃതിപദ്ധതി പ്രകാരം വിവിധ പ്രൊമോട്ടർമാരുടെ കീഴിലുള്ള കടം തിരിക്കാൻ നടപടി സ്വീകരിച്ചു.
2. ക്ലസ്റ്റർ വെയർ പാർട്ടിസിപ്പേറ്ററി പദ്ധതി വഴി ധനസഹായം നൽകി മുഴുവനാക്കാറായ പദ്ധതികൾ പൂർത്തീകരിക്കുവാൻ.

(ബി) ഉണ്ട്. കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് ആസൂത്രണ ബോർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

ശബ്ദ മലിനീകരണ നിയന്ത്രണം

8 (*338) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) ശബ്ദ മലിനീകരണ നിയന്ത്രണം നടപ്പാക്കുന്നതു സംബന്ധിച്ച് ഹരിത ട്രിബ്യൂണലിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ നേരത്തെ കൊടുക്കോടതിയുടെ നിർദ്ദേശങ്ങളെന്തെങ്കിലും ഉണ്ടായിരുന്നോ ; എങ്കിൽ അതെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) വ്യത്യസ്ത മേഖലകളിൽ അനുവദനീയമായതിൽ കൂടുതൽ ശബ്ദ മലിനീകരണമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉവ്വ. ഹരിത ട്രിബ്യൂണലിന്റെ (SZ) ചെന്നൈ ബെഞ്ചിന്റെ അപ്ലിക്കേഷൻ നമ്പർ. 445/2013 (SZ) (transferred from High Court)(കേരള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിലെ WP No.32109/2008 ടിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്തത്) -ൽ 13/05/2015 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2000-ലെ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) റൂൾസ് ഉത്തരവ് തീയതി മുതൽ 4 മാസത്തിനകം സംസ്ഥാനത്ത് നടപ്പാക്കണമെന്ന് സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ K. N. Namboodiri & Others Vs. State of Kerala & Others എന്ന കേസിൽ 22-8-2003-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന സർക്കാർ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങൾ നടപ്പാക്കണമെന്ന് ഉത്തരവിട്ടിരുന്നു. ടി ഉത്തരവിനെ കുറിച്ച് 13-5-2015-ലെ ദേശീയ ഹരിത ടിബ്യൂണലിന്റെ തേൽ സൂചിപ്പിച്ച ഉത്തരവിലും പരാമർശമുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളും ശബ്ദമലിനീകരണ (ക്രമീകരണവും നിയന്ത്രണവും) ചട്ടങ്ങൾ 2000 പ്രകാരം ഏത് സോണിൽ വരുമെന്ന് Town Planning Department ആണ് വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം ഓരോ സോണിലും അനുവദനീയമായ ശബ്ദപരിധിയിൽ കൂടുതൽ ശബ്ദം ഉണ്ടാകുവാൻ അനുവദിക്കാത്ത തരത്തിലുള്ള പ്രവർത്തനം മാത്രമേ അനുവദിക്കുകയുള്ളൂ. ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനായി 28-4-2015-ൽ സ.ഉ. (അച്ചടി) 06/15/പരി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം കോടതിവിധികൾ കർശനമായി നടപ്പാക്കുന്നതിനും ശബ്ദതീവ്രത അളക്കാനുള്ള ഉപകരണങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതിനും ശബ്ദമേഖല നിർണ്ണയിച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിനും ശബ്ദമലിനീകരണം സംബന്ധിച്ച സമഗ്രമായ മാർഗ്ഗരേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.)

കുറഞ്ഞ ചെലവിൽ വൈദ്യുതി

9 (*339) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. പത്മനാഭൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റ്, തിരമാല, സൂര്യപ്രകാശം തുടങ്ങിയവയിൽ നിന്നും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പഠനങ്ങൾ വൈദ്യുത ബോർഡ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് പഠനം നടത്തിയത്,ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും എത്രൊരുപാട് സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly